## ലാറ്ററൽ എൻട്രി സ്പോട്ട് അഡ്മിഷൻ – നിർദ്ദേശങ്ങൾ

1. റാങ്ക് ലിസ്റ്റിൽ പേരുള്ള എല്ലാ അപേക്ഷകർക്കും ഓരോ സ്ഥാപനത്തിലും 03/08/2023 മുതൽ 05/08/2023 വരെ നേരിട്ട് നടത്തുന്ന സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കാവുന്നതാണ്.
2. നിലവിൽ അഡ്മിഷൻ ലഭിച്ച വിദ്യാർഥികളിൽ സ്ഥാപന മാറ്റമോ ബ്രാഞ്ച് മാറ്റമോ ആഗ്രഹിക്കുന്നവർക്കും, പുതിയതായി അഡ്മിഷൻ നേടാൻ ആഗ്രഹിക്കുന്നവർക്കും (സംസ്ഥാനാടിസ്ഥാനത്തിൽ ഉള്ള റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർ) പങ്കെടുക്കാവുന്നതാണ്.
3. നിലവിൽ ലഭ്യമായ ഒഴിവുകൾ പോളിടെക്നിക് കോളേജ് അടിസ്ഥാനത്തിൽ www.polyadmission.org/let എന്ന വെബ്സൈറ്റിലെ Vacancy Position എന്ന ലിങ്ക് വഴി മനസ്സിലാക്കാവുന്നതാണ്. ഒഴിവുകൾ പരിശോധിച്ചതിനു ശേഷം ഓരോ സ്ഥാപനത്തിലേയും റാങ്ക് അടിസ്ഥാനത്തിൽ സ്പോട്ട് അഡ്മിഷൻ നടത്തുന്ന സമയക്രമം വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്നത് പരിശോധിക്കേണ്ടതും അതിൽ പറഞ്ഞിട്ടുള്ള സമയക്രമം കൃത്യമായി പാലിച്ച് അപേക്ഷകർ ബന്ധപ്പെട്ട കോളേജുകളിൽ ഹാജരാകേണ്ടതുമാണ്.
4. സ്പോട്ട് അഡ്മിഷൻ സമയത്ത് അപേക്ഷകന് അപ്പോൾ ലഭ്യമായ കോളേജും ബ്രാഞ്ചും സ്വീകാര്യമെങ്കിൽ മുഴുവൻ ഫീസടച്ച് അഡ്മിഷൻ എടുക്കാവുന്നതാണ്. ഫീസടച്ച് അഡ്മിഷൻ എടുക്കാത്ത അപേക്ഷകന്റെ അഡ്മിഷൻ റദ്ദാക്കപ്പെടുന്നതും തൊട്ടടുത്ത അപേക്ഷകന് നൽകുന്നതുമായിരിക്കും.
5. അപേക്ഷകന് ടി സി ഹാജരാക്കുവാൻ സമയം അനുവദിക്കുന്നതാണ്.
6. സ്പോട്ട് അഡ്മിഷന് ഹാജരാകേണ്ട സമയക്രമം അഡ്മിഷൻ പോർട്ടലിൽ ലഭ്യമാകുന്നതാണ്. പോർട്ടലിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന സമയക്രമമനുസരിച്ച് ബന്ധപ്പെട്ട പോളിടെക്നിക് കോളേജിൽ ഹാജരാകേണ്ടതാണ്. സമയക്രമത്തിൽ ഒരു മാറ്റവും അനുവദിക്കുന്നതല്ല.
7. ഒന്നിൽ കൂടുതൽ സ്ഥാപനങ്ങളിൽ ഒരേ സമയം പങ്കെടുക്കാനാഗ്രഹിക്കുന്നവർ നിശ്ചിത മാതൃകയിലുള്ള പ്രോക്സി ഫോം (അപേക്ഷകനും രക്ഷിതാവും ഒപ്പിട്ടത് ) ഹാജരാക്കേണ്ടതാണ്.
8. ഒന്നിൽ കൂടുതൽ സ്ഥാപനങ്ങളിൽ അഡ്മിഷനു വേണ്ടി അപേക്ഷകൻ നിർദേശിക്കുന്ന പ്രോക്സിയാണ് ഹാജരാകുന്നതെങ്കിൽ ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ (അപേക്ഷകൻ സാക്ഷ്യപ്പെടുത്തിയത്) സഹിതം ഹാജരാകേണ്ടതാണ്. എന്നാൽ അപേക്ഷകൻ ഹാജരാകുന്ന സ്ഥാപനത്തിൽ സർട്ടിഫിക്കറ്റുകളുടെ ഒറിജിനൽ നിർബന്ധമായും കൊണ്ടുവരേണ്ടതാണ്.
9. ഒരു അപേക്ഷകൻ ഒന്നിൽ കൂടുതൽ സ്ഥാപനങ്ങളിൽ അഡ്മിഷൻ നേടിയാൽ അവസാനം നേടിയ അഡ്മിഷൻ മാത്രമേ നിലനിൽക്കുകയുള്ളൂ അതിനുമുൻപ് നേടിയ അഡ്മിഷൻ സ്വമേധയാ റദ്ദാകുന്നതാണ്. ആയതിനാൽ ഒന്നിൽകൂടുതൽ സ്ഥാപനങ്ങളിൽ പങ്കെടുക്കുന്നവർ അവരുടെ അഡ്മിഷൻ ഉറപ്പുവരുത്തേണ്ടതാണ്.
10. അപേക്ഷാ ഫോറത്തിൽ പ്രതിപാദിക്കാത്ത അവകാശങ്ങൾ സ്പോട്ട് അഡ്മിഷൻ സമയത്ത് യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

**ജോയിന്റ് ഡയറക്ടർ ഇൻ ചാർജ്**